# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 22**<br>**MARCH 22** | **2019** |

***1193 മീനം 08*** **വെള്ളി**

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## മുഖാവരണം ധരിച്ച വനിതകളെ തിരിച്ചറിയാൻ

## വനിതാ ജീവനക്കാരെ നിയോഗിക്കും: ജില്ലാ കളക്ടർ

2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും 2016ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലും സ്ത്രീ വോട്ടർമാരുടെ പോളിംഗ് ശതമാനം ഏറ്റവും കുറഞ്ഞ നിയമസഭാ മണ്ഡലം കാസർകോടാണ്. മഞ്ചേശ്വരം മണ്ഡലത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഈ മണ്ഡലങ്ങളിൽ വനിതാ വോട്ടർമാരുടെ പോളിംഗ് ശതമാനം വർധിക്കുന്നതിനു നടപടി സ്വീകരിക്കും.

മുഖാവരണം അണിഞ്ഞു വരുന്ന സ്ത്രീവോട്ടറെ തിരിച്ചറിയുന്നതിനുള്ള മുഖ പരിശോധന നിർബന്ധമായതിനാൽ ഇതിനായി പ്രത്യേകം വനിതാ ജീവനക്കാരെ നിയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടെന്നു ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു. നിർഭയവും സ്വതന്ത്രവും സുതാര്യവുമായ വോട്ടെടുപ്പിൽ കൂടുതൽ സ്ത്രീകൾ പങ്കാളികളാകണമെന്നു ജില്ലാ കളക്ടർ പറഞ്ഞു.

## പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ ഫോറം വിതരണം ചെയ്യും

മാർച്ച് 27,28 തീയ്യതികളിൽ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള ഒന്നാം ഘട്ട പരിശീലന കേന്ദ്രങ്ങളായ പെരിയ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലും തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോജേിലും വിതരണം ചെയ്യുമെന്ന് ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ ഡോ. ഡി.സജിത് ബാബു അറിയിച്ചു. പരിശീലന കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേകം കൗണ്ടറുകൾ ഒരുക്കും. പ്രദേശത്തെ മറ്റു പോളിങ്ങ് ഉദ്യോഗസ്ഥർക്ക് തിരിച്ചറിയൽ രേഖകളുമായി ഇവിടെ അപേക്ഷ നൽകാം.പോസ്റ്റൽ ബാലറ്റിന് വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം വരണാധികാരിക്ക് അപേക്ഷ നൽകണം. മാർക്ക് കോപ്പിയിൽ അടയാളപ്പെടുത്തി എന്ന് ഉറപ്പാക്കണം. ഡിക്ലറേഷൻ, ബാലറ്റ് പേപ്പർ എന്നിവ രണ്ടു കവറുകളിൽ ഇടണം. രണ്ടാം ഘട്ട പരിശീലനം നടക്കുന്ന നായന്മാർമൂല തൻബിഹുൽ ഇസ്ലാം ഹയർസെക്കണ്ടറി സ്കൂൾ കേന്ദ്രത്തിൽ സജ്ജീകരിക്കുന്ന ബാലറ്റ് പെട്ടിയിൽ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറും ഡിക്ലറേഷൻ അടങ്ങിയ കവറും നിക്ഷേപിക്കണം. പോസ്റ്റൽ ബാലറ്റ് കൈപ്പറ്റുന്നവർ വോട്ട് ചെയ്തുവെന്ന് ഉറപ്പു വരുത്തണമെന്ന് കളക്ടർ പറഞ്ഞു.

## ലോക്സഭാ തെരഞ്ഞെടുപ്പ്: ഒന്നാംഘട്ട പരിശീലനം 27 നും 28 നും

ലോക്സഭ തെരഞ്ഞെടുപ്പിന്റെ ഭാഗമായി പോളിങ്ങ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പ്രിസൈഡിംഗ് ഓഫീസർമാരുടെയും ഫസ്റ്റ് പോളിങ്ങ് ഓഫീസർമാരുടെയും ആദ്യഘട്ട പരിശീലനം മാർച്ച് 27, 28 തീയ്യതികളിൽ നടക്കും. മഞ്ചേശ്വരം, കാസർകോട്, ഉദുമ, നിയോജക മണ്ഡലങ്ങളിലെ ഓഫീസർമാർക്ക് പെരിയ ഗവൺമെന്റ് പോളിടെക്നിക്കിലും കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിലെ ഓഫീസർമാർക്ക് തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലുമായി രാവിലെയും ഉച്ചയ്ക്കും വ്യത്യസ്ത സെഷനുകളായിട്ടാണ് പരിശീലനം നടത്തുന്നത്. പോളിങ്ങ് ഉദ്യോഗസ്ഥർക്കുള്ള നിയമന ഉത്തരവുകൾ അവരവരുടെ ഓഫീസിൽ നിന്നും കൈപ്പറ്റണം. നിയമന ഉത്തരവ് കൃതമായി വിതരണം ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് മേധാവികൾക്കായിരിക്കുമെന്ന് ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു. സ്ഥാപനമേധാവികൾക്ക് മാർച്ച് 25 ന് നിയമന ഉത്തരവ് ലഭിച്ചില്ലെങ്കിൽ 26 ന് അതത് വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് നിയമനം സംബന്ധിച്ച വ്യക്തത വരുത്തണം. 25നും 26നും സ്ഥാപന മേധാവികൾ നിർബന്ധമായും ഓഫീസുകളിൽ ഉണ്ടായിരിക്കണം

## തെരഞ്ഞെടുപ്പ് പരാതികൾക്ക് സി വിജിൽ ആപ്പ്; ജില്ലയിൽ ഇതുവരെ ലഭിച്ചത് 19 പരാതികൾ

ലോക്സഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം സംബന്ധിച്ച ഏതുതരം പരാതികളും തെരഞ്ഞെടുപ്പു കമ്മീഷന്റെ സി വിജിൽ(സിറ്റിസൺസ് വിജിൽ) എന്ന ആപ്ലിക്കേഷനിലൂടെ അയക്കാം. ഈ ആപ്പ് വഴി അയക്കുന്ന പരാതികളിന്മേൽ ഉടനടി നടപടി എടുക്കുമെന്നതാണു പ്രധാന പ്രത്യേകത.

കാസർകോട് ജില്ലയിൽ ഇതുവരെ 19 പരാതികൾ ലഭിച്ചു.ആവശ്യമായ നടപടി കൾ സ്വീകരിക്കുകയും ചെയ്തു. ജില്ലാ കളക്ടറേറ്റിലാണ് സിവിജിലിന്റെ കൺ ട്രോൾ റൂം പ്രവർത്തിക്കുന്നത്.

തെരഞ്ഞെടുപ്പ് ചട്ടലംഘനം കണ്ടാൽ അത് മൊബൈൽ ഫോൺ കാമറയിൽ ഫോട്ടോയോ വീഡിയോയോ ആയി പകർത്തി സി വിജിൽ ആപ്പ് വഴി ജില്ലാ തെരഞ്ഞെടുപ്പ് സെന്ററുകളിലേയ്ക്ക് അയക്കാം. അവിടുന്ന് സന്ദേശം അതാത് നിയമസഭാ മണ്ഡലം സ്ക്വാഡുകൾക്കു കൈമാറും. അവർ സ്ഥലത്ത് എത്തി നടപടി സ്വീകരിക്കുകയും സ്വീകരിച്ച നടപടി ഉടൻ പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചു ചട്ടലംഘനം നടന്ന സ്ഥലം കണ്ടെത്താനാകും. പരാതി അപ്ലോഡ് ചെയ്തു കഴിയുന്നതോടെ ഒരു യുണീക് ഐഡി ലഭിക്കും. ഇതിലൂടെ പരാതിയുടെ ഫോളോഅപ്പ് മൊബൈലിൽ തന്നെ ട്രാക്ക് ചെയ്യാൻ വോട്ടർക്കു കഴിയും. ഒരാൾക്ക് ഒന്നിലധികം ചട്ടലംഘനം റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നതാണു മറ്റൊരു പ്രത്യേകത. പരാതിക്കാരന്റെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

മൊബൈൽ ഫോണിൽ എളുപ്പത്തിൽ ഉപയോഗിക്കാനാകും വിധമാണ് ആപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്. ചട്ടലംഘനം നടന്ന സ്ഥലത്തു നേരിട്ട് പോയി എടുത്ത ചിത്രങ്ങൾ മാത്രമേ ഈ ആപ്പ് വഴി അയക്കാൻ സാധിക്കൂ. മറ്റുള്ളവർ എടുത്തു കൈമാറി കിട്ടിയ ചിത്രങ്ങൾ അയക്കാൻ സാധിക്കില്ല. അതിനാൽ വ്യാജമായ പരാതികൾ ഒഴിവാക്കാൻ കഴിയും. ചട്ടലംഘനം എന്ന പേരിൽ വാട്ട്സാപ്പിലുടെയും മറ്റും കൈമാറിക്കിട്ടിയ ചിത്രങ്ങൾ നിജസ്ഥിതി അറിയാതെ ആപ്പ് വഴി അയക്കുന്നതു തടയാനാണു സ്വന്തം ഫോൺകാമറ വഴി എടുത്ത ചിത്രങ്ങൾക്കു മാത്രമായി നിയന്ത്രണം വരുത്തിയിരിക്കുന്നത്. പരാതിക്കാരനു നേരിട്ടു ബോധ്യമായ പരാതി മാത്രമേ അയയ്ക്കാൻ കഴിയുവെന്നു ചുരുക്കം.

തുടർച്ചയായി അഞ്ചു മിനിറ്റു മാത്രമേ ഈ ആപ്പ് പ്രവർത്തിക്കൂ. അഞ്ചു മിനുട്ട് കഴിഞ്ഞാൽ ആപ്പിന്റെ പ്രവർത്തനം നിലയ്ക്കും. വീണ്ടും ആപ്പ് തുറന്നു പരാതി

അഞ്ചു മിനുറ്റിൽ ഒതുക്കി പകർത്തി അയയ്ക്കേണ്ടി വരും. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ലഘൂകരിക്കാനും പ്രചാരണ ഘട്ടത്തിലെ നിയമ ലംഘനങ്ങൾ കണ്ടെത്താനും ഒട്ടേറെ നൂതന വിദ്യകൾക്ക് തെരഞ്ഞെടുപ്പ് കമ്മിഷൻ രൂപം നൽകിയിട്ടുണ്ട്. സി വിജിൽ ആപ് പ്ലേസ്റ്റോറിൽ ലഭിക്കും. www.ceo.kerala.gov.in/home.html

മറ്റുതരത്തിലുള്ള തെരഞ്ഞെടുപ്പ് പരാതികൾ 04994 255825, 04994 255676 എന്നീ നമ്പറുകളിലേക്കും വിളിക്കാം. വോട്ടേഴ്സിനുള്ള സഹായത്തിനായി 1950 എന്ന നമ്പറിലേക്കും വിളിക്കാം.

## ലോക്സഭാതെരെഞ്ഞെടുപ്പ് ഹരിതാഭമാക്കാൻ നടപടി തുടങ്ങി

ലോകസഭാ തെരെഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമാക്കുന്നതിന് ഹരിത പരിപാലനചട്ടം നടപ്പാക്കാനുള്ള കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശാനുസരണം ജില്ലാ ഭരണകൂടം നടപടികൾ ആരംഭിച്ചു.പി.വി.സി ഫ്ളക്സുകൾ ഒഴിവാക്കി തെരെഞ്ഞെടുപ്പ് പ്രചരണത്തിനായി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കണമെന്ന് ജില്ലയിലെ രാഷ്ട്രീയ പാർട്ടികൾ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, പ്രിസൈഡിംഗ് ഓഫീസർമാർ എന്നിവർക്ക് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു നിർദേശം നൽകി. ഹരിതചട്ടം നിരീക്ഷിക്കുന്നതിനായി ജില്ലാ ശുചിത്വ മിഷൻ കോഡിനേറ്ററെ നോഡൽ ഓഫീസറായി നിയമിച്ചതായി കളക്ടർ അറിയിച്ചു. ജില്ലയിൽ പൊതു തെരെഞ്ഞെടുപ്പിൽ ഹരിത പരിപാലന ചട്ടം ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 8547931565 എന്ന നമ്പറിൽ ജില്ലാ നോഡൽ ഓഫീസറെ (ഹരിതചട്ടം) അറിയിക്കണം. ഹരിതചട്ടം നടപ്പിലാക്കാൻ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ശ്രദ്ധിക്കണമെന്നും കളക്ടർ പറഞ്ഞു.

### രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ശ്രദ്ധിക്കേണ്ടത്

- തെരെഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനുമായി എല്ലാതരം ഡിസ്പോസിബിൾ വസ്തുക്കളും ഒഴിവാക്കി സ്റ്റീൽ പാത്രങ്ങൾ, വാഴയില, സ്റ്റീൽ ഗ്ലാസ്സുകൾ എന്നിവ ഉപയോഗിക്കണം.

- ഇലക്ഷൻ ബൂത്തുകൾ പ്രകൃതി സൗഹൃദമായിരിക്കണം.
  തെരെഞ്ഞെടുപ്പ് കഴിയുന്ന മുറയ്ക്ക് പേപ്പർ വേസ്റ്റുകൾ അലക്ഷ്യമായി കളയാതെ പരിസരം വൃത്തിയാക്കി സൂക്ഷിക്കണം.
- പേപ്പർ വേസ്റ്റുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പ്രത്യേക ബിന്നുകളിൽ ശേഖരിച്ച് സ്ക്രാപ്പ്ഡീലർമാർക്ക് കൈമാറണം

# അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ ശ്രദ്ധിക്കേണ്ടത്

തെരെഞ്ഞെടുപ്പിനു മുന്നോടിയായി നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ എല്ലാതരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും, ഡിസ്പോസിബിൾ വസ്തുക്കളും (പേപ്പർ, പ്ലാസ്റ്റിക്/തെർമോക്കോൾ കപ്പുകൾ, പ്ലേറ്റുകൾ, പ്ലാസ്റ്റിക് കുപ്പിവെള്ളം, ടിഷ്യൂ പേപ്പർ) ഒഴിവാക്കണം. പകരം സ്റ്റീൽ പ്ലേറ്റുകൾ, കപ്പുകൾ, മൺകുടം, ബബിൾ ടോപ്പ് ഡിസ്പെൻസർ, തുണി തൂവാല തുടങ്ങിയവ ഉപയോഗിക്കുക.

- പരിശീലനങ്ങൾക്ക് മഷിപേന, പേപ്പർ പേന എന്നിവ ഉപയോഗിച്ചുകൊണ്ട് പ്ലാസ്റ്റിക് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കണം.
- തെരെഞ്ഞെടുപ്പ് പ്രചരണത്തിനായി പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്നതിനും പി.വി.സി ഫ്ളക്സുകൾ, പ്ലാസ്റ്റിക് തോരണങ്ങൾ എന്നിവ ഒഴിവാക്കി പുനരുപയോഗയോഗ്യമായവ ഉപയോഗിക്കുന്നതിനും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നിർദേശം നൽകണം.

- ജില്ലയിലെ എല്ലാ തെരെഞ്ഞെടുപ്പ് കേന്ദ്രങ്ങളും വിതരണ കേന്ദ്രങ്ങളും വോട്ടെണ്ണൽ കേന്ദ്രങ്ങളും ഇലക്ഷൻ ബൂത്തുകളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും ഇവിടങ്ങളിൽ ഉണ്ടാകുന്ന കടലാസ് മാലിന്യങ്ങൾ (വോട്ടേഴ്സ് സ്ലിപ്പ് ഉൾപ്പെടെ) പ്രത്യേകം നിക്ഷേപിക്കുന്നതിനായി പ്രകൃതി സൗഹൃദ ബിന്നുകൾ സ്ഥാപിക്കണം.
- ആഹാര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനു കമ്പോസ്റ്റ് കുഴികൾ പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
- പോളിംഗ് ബൂത്തുകളിൽ എല്ലാതരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ, പ്ലാസ്റ്റിക് വെള്ളക്കുപ്പികൾ തുടങ്ങിയവ ഒഴിവാക്കണം. പകരം കുടിവെള്ള കിയോസ്കുകൾ, തുണി ബാനർ, പേപ്പർ പോസ്റ്റർ, പേപ്പർ പേന, പെൻസിൽ, പേപ്പർ ഐഡി കാർഡുകൾ തുടങ്ങി പ്രകൃതി സൗഹൃദ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

- എല്ലാ പോളിംഗ് സ്റ്റേഷനുകളിലും,പരിശീലന കേന്ദ്രങ്ങളിലും, വിതരണ - വോട്ടെണ്ണൽ കേന്ദ്രങ്ങളിലും പോളിംഗ് - കൗണ്ടിംഗ് ഉദ്യോഗസ്ഥർക്കും, വോട്ടർമാർക്കും, ഇലക്ഷൻ പോളിംഗ് - കൗണ്ടിംഗ് ഏജന്റുമാർക്കും ഉപയോഗിക്കുന്നതിനായി വൃത്തിയുള്ള ശുചിമുറികൾ ഉറപ്പുവരുത്തണം.ശുചിമുറികളിൽ ആവശ്യാനുസരണം ജലം ഉറപ്പുവരുത്തണം .

- വോട്ടെടുപ്പിന് ശേഷവും വോട്ടെണ്ണലിനു ശേഷവും പോളിംഗ് സ്റ്റേഷനുകളിലും കൗണ്ടിംഗ് ഹാളിലും അവശേഷിക്കുന്ന എല്ലാ വസ്തുക്കളും (വോട്ടേഴ്സ് സ്ലിപ്പ്, പേപ്പറുകൾ, ഹാർഡ്ബോർഡുകൾ, സീലിംഗ് വാക്സ്, മെഴുകുതിരി മുതലായവ) ശേഖരിക്കണം.

- പോളിംഗ് ബൂത്തുകൾ, വിതരണ - വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ചെയ്യണം.
- ഹരിത ഇലക്ഷൻ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനു താലൂക്ക്തലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെ വിവിധ ഉദ്യോഗസ്ഥരെ (തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമരെ) ഉൾപ്പെടുത്തി ഫെസിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കണം.

## പ്രിസൈഡിംഗ് ഓഫീസർമാർ ശ്രദ്ധിക്കേണ്ടേത്

- ജില്ലയിലെ പോളിംഗ് സ്റ്റേഷനുകളിൽ എല്ലാതരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും ഒഴിവാക്കുക.പ്ലാസ്റ്റിക് വെള്ളക്കുപ്പികൾ ഒഴിവാക്കുക. പകരം കുടിവെള്ള കിയോസ്ക് സംവിധാനം ഒരുക്കുക.
- ബൂത്തുകളിലേക്ക് ഭക്ഷണം പാക്കറ്റുകളിൽ കൊണ്ടുവരാതിരിക്കുക. പകരം സ്റ്റീൽ കണ്ടെയ്നറുകൾ കരുതുക.
- പോളിംഗ് സ്റ്റേഷന്റെ 200 മീറ്റർ പരിധിക്കുള്ളിൽ യാതൊരുവിധ പി.വി.സി ഫ്ളക്സുകളും, പ്ലാസ്റ്റിക് അലങ്കാര വസ്തുക്കളും ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.

## യോഗാ തെറാപ്പി പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്തു

കാസർകോട് പരവനടുക്കം ഗവർമെന്റ് വൃദ്ധമന്ദിരത്തിൽ യോഗാ തെറാപ്പി പരിശീലന പദ്ധതി ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി ഓഫീസർ ദിനേഷ് കുമാർ. കെ. ഉദ്ഘാടനം ചെയ്തു.വൃദ്ധമന്ദിരം സൂപ്രണ്ട് പങ്കജാക്ഷൻ പി.എം അദ്ധ്യക്ഷത വഹിച്ചു. ജി. ശ്രീകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഷാഹിർ മംഗള സംസാരിച്ചു.മേട്രൺ ആസ്യമ്മ ഇ.എ സ്വാഗതവും യോഗാ പരിശീലകൻ ബിനിത് എ.കെ.പി നന്ദിയും പറഞ്ഞു.

(തുടരും)

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| മാർച്ച് 22<br>MARCH 22 | 2019 |
| --- | --- |

*1193 മീനം 08* വെള്ളി

# പത്രക്കുറിപ്പ് 2



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാം

## :കളക്ടറേറ്റിൽ സഹായ കേന്ദ്രം

വിദ്യാർത്ഥികൾക്ക് അഭിരുചിക്കനുസരിച്ച് ഇഷ്ടപ്പെട്ട കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഉയർന്ന അക്കാദമിക് യോഗ്യതകളിലൂടെ നല്ല ഒരു കരിയർ രൂപപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കുന്നതിന് കളക്ടറേറ്റിൽ കരിയർ ഗൈഡൻസ് സെൽ പ്രവർത്തനം ആരംഭിച്ചു.ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു പ്രത്യേക താൽപര്യം എടുത്തതാണ് സെൽ പ്രവർത്തനം ആരംഭിച്ചത്.ജില്ലയിൽ സ്കൂൾ-കോളേജ് തലങ്ങളിൽ കൊഴിഞ്ഞുപ്പോക്ക് കൂടുതലാണ്.കൂടാതെ ജില്ലയിൽ നിന്നുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണവും കുറവാണ്.ഉന്നത വിദ്യാഭ്യാസ മേഖലയിലെ കൊഴിഞ്ഞുപ്പോക്കിന്റെ പ്രധാന കാരണം പലരും അഭിരുചിക്കോ,ബൗദ്ധിക നിലവാരത്തിനെ അനുസരിച്ചല്ല കോഴ്സുകൾ തെരഞ്ഞെടുക്കുന്നത്.അതുകൊണ്ടാണ് ഇടയ്ക്ക് വച്ച് പഠനം ഉപേക്ഷിക്കേണ്ടിവരുന്നത്.ഇത് ഒരു പരിധി വരെ തടയാൻ ഗൈഡൻസ് സെൽ പ്രവർത്തനത്തിലൂടെ സാധിക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

വ്യത്യസ്ത വിദ്യഭ്യാസ യോഗ്യതക്കനുസരിച്ച് തെരഞ്ഞെടുക്കാവുന്ന കോഴ്സുകൾ, രാജ്യത്തിന് അകത്തെയും പുറത്തെയും പ്രശസ്ത സ്ഥാപനങ്ങൾ,തൊഴിലധിഷ്ഠിത കോഴ്സുകൾ,സർക്കാർ-സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ, പഠനക്കാലയളവ്,പരിശീലന കാലയളവ്,പഠനചെലവ്, അപേക്ഷിക്കേണ്ട രീതി,സമയം, തെരഞ്ഞെടുപ്പ് പ്രക്രിയ എന്നിവ സംബന്ധിച്ച് എല്ലാ വിവരങ്ങളും ഗൈഡൻസ് സെല്ലിൽ ലഭിക്കും.ഇതിനായി രാവിലെ പത്തു മുതൽ വൈകീട്ട് അഞ്ചുവരെ വിദഗ്ധരുടെ സേവനം ലഭിക്കും.വിദ്യാർത്ഥികളും രക്ഷിതാക്കളും ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജില്ലാകളക്ടർ അറിയിച്ചു.

## താലൂക്ക് വികസന സമിതി ചേരില്ല

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ, ഏപ്രിൽ, മെയ് മാസങ്ങളിൽ താലൂക്ക് വികസന സമിതി യോഗം ചേരുന്നതല്ലെന്ന് വെള്ളരിക്കുണ്ട് തഹസിൽദാർ അറിയിച്ചു.

## നികുതി അടയ്ക്കണം

വലിയപറമ്പ പഞ്ചായത്തിൽ 2018-19 വർഷത്തിൽ അടക്കാനുള്ള കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവ കുടിശ്ശികയുൾപ്പെടെ മാർച്ച് 31 നകം പഞ്ചായത്തിൽ നേരിട്ടോ, നികുതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ വഴിയോ, ഓൺലൈൻ വഴിയോ അടച്ച് ജപ്തി, പ്രോസിക്യൂഷൻ അടക്കമുള്ള തുടർനടപടികൾ ഒഴിവാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വസ്തു നികുതിയുടെ പിഴപലിശ മാർച്ച് 31 വരെ താൽക്കാലികമായി ഒഴിവാക്കി. നികുതിദായകരുടെ സൗകര്യാർത്ഥം അവധി ദിവസങ്ങളായ മാർച്ച് 24,31 തീയ്യതികളിൽ കൂടി ഓഫീസ് തുറന്ന് പ്രവർത്തിക്കും.

## പൊലീസ് കംപ്ലയൻസ് അതോറിറ്റി സിറ്റിങ്ങ് മാറ്റി

ഏപ്രിൽ ഒമ്പതിന് കളക്ടറേറ്റിൽ നടത്താനിരുന്ന ജില്ലാ പൊലീസ് കംപ്ലയൻസ് അതോറിറ്റി സിറ്റിങ്ങ് മാറ്റി. പുതുക്കിയ തീയ്യതി പിന്നീട് അറിയിക്കും.

## തൊഴിൽ രഹിത വേതനം വിതരണം ചെയ്യും

മംഗൽപാടി ഗ്രാമപഞ്ചായത്ത് 2018 ഏപ്രിൽ മുതൽ നവംബർ വരെയുള്ള തൊഴിൽ രഹിത വേതനം പഞ്ചായത്ത് ഓഫീസിൽ വെച്ച് ഇന്നു (മാർച്ച്23) മുതൽ മാർച്ച് 26 വരെ വിതരണം ചെയ്യും.ഗുണഭോക്താക്കൾ എംപ്ലോയിമെന്റ് രജിസ്ട്രേഷൻ കാർഡ്, തിരിച്ചറിയൽ രേഖ, പഞ്ചായത്ത് രജിസ്ട്രേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് ,

ആധാർ കാർഡ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, എന്നിവ സഹിതം ഓഫീസിൽ നേരിട്ട് ഹാജരായി വേതനം കൈപ്പറ്റണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## ‘കാവൽ’ പദ്ധതി അവലോകനം നടത്തി

വനിതാ ശിശു വികസന വകുപ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി സഹകരിച്ച് നടപ്പാക്കുന്ന ‘കാവൽ’ പദ്ധതിയുടെ അവലോകനയോഗവും ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫയർ കമ്മിറ്റി സ്ഥാനമൊഴിഞ്ഞ അംഗങ്ങൾക്കുള്ള യാത്രായപ്പും സബ്ജഡ്ജ് ഫിലിപ്പ് തോമസ് ഉദ്ഘാടനം ചെയ്തു. പരവനടുക്കും ഗവ. ചിൽഡ്രൻസ് ഹോമിൽ സംഘടിപ്പിച്ച പരിപാടിയിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ശ്രീജ ജനാർദ്ദനൻ നായർ അധ്യക്ഷയായി. നിയമവുമായി പൊരുത്തപ്പെടാത്ത 18 വയസിന് താഴെയുള്ള കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹിക ജീവിതം നയിക്കാൻ അവരെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാശിശുവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ‘കാവൽ’. തെരഞ്ഞടുത്ത 50 കുട്ടികൾക്കാണ് പദ്ധതിയിൽ സേവനം ലഭിക്കുക. ജില്ലയിൽ കാവൽ പദ്ധതി ആരംഭിച്ച് മൂന്ന് മാസം പിന്നിടുമ്പോഴേക്കും 20 കുട്ടികൾക്കുള്ള സഹായങ്ങൾ ലഭ്യമാക്കികഴിഞ്ഞു.

ജില്ലാ കോഡിനേറ്റർ സിജോ തോമസ്, കേസ് വർക്കർ ബി അഖിൽ എന്നിവർ പദ്ധതി വിശദീകരിച്ചു. ലീഗൽ കം പ്രൊബേഷൻ ഓഫീസർ ശ്രീജിത്ത് പദ്ധതി അവലോകനം നടത്തി. തുടർന്ന് നടന്ന യാത്രായപ്പ് ചടങ്ങിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫയർ കമ്മിറ്റി സ്ഥാനമൊഴിഞ്ഞ അംഗങ്ങളായ പി കെ കുഞ്ഞിരാമൻ, അഡ്വ.പി പി മണിയമ്മ, മാധുരി എസ് ബോസ്, അഡ്വ. ഫൗസിയ ഷംനാദ് എന്നിവർക്കുള്ള ഉപഹാര സമർപ്പണം സബ്ജഡ്ജ് ഫിലിപ്പ് തോമസ് ചൈൽഡ് വെൽഫയർ കമ്മിറ്റി അധ്യക്ഷ അഡ്വ.പി പി ശ്യാമളാദേവി എന്നിവർ നിർവഹിച്ചു.

യോഗത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളായ പി ബേബി, ബി മോഹൻ കുമാർ, ചൈൽഡ് വെൽഫയർ കമ്മിറ്റി അംഗങ്ങളായ അഡ്വ രജിത, അഡ്വ. എ കെ പ്രിയ, വനിതാസെൽ സി ഐ ഭാനുമതി, ഡോ.ഷാന്റി, മോഹനൻ മാങ്ങാട് ചൈൽഡ് ലൈൻ നോഡൽ കോർഡിനേറ്റർ അനീഷ് ജോസ്, അനിൽ, മാസ്റ്റർ അഭിലാഷ് എന്നിവർ പങ്കെടുത്തു. ജില്ലാ ശിശുസംരംക്ഷണ ഓഫീസർ പി ബിജു സ്വാഗതവും ചിൽഡ്രൻസ് ഹോം സൂപ്രണ്ട് പി എം ഗീതാകുമാരി നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്-** കാവൽ പദ്ധതിയുടെ അവലോകനയോഗവും ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫയർ കമ്മിറ്റി സ്ഥാനമൊഴിഞ്ഞ അംഗങ്ങൾക്കുള്ള യാത്രായപ്പും സബ്ജഡ്ജ് ഫിലിപ്പ് തോമസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## ജലദിനം ആചരിച്ചു

മാർച്ച് 22 ന് ലോക ജലദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കള ക്ടറേറ്റിലെ ജീവനക്കാർക്കായി ജില്ലാകളക്ടർ ഡോ ഡി സജിത്ത്ബാബു പ്രതിജ്ഞ ചൊല്ലി കൊടുത്തു. ജല ലഭ്യതയിൽ സമൃദ്ധമായിരുന്ന നമ്മുടെ നാട് ഇന്ന് കടുത്ത ജലക്ഷാമം നേരിടുകയാണെന്നും മഴ ലഭ്യതയിലെ സ്ഥിരത ഇല്ലായ്മ മൂലം കുളങ്ങൾ, തടാകങ്ങൾ, ചതുപ്പുകൾ തുടങ്ങിയ സ്വാഭാവിക ജലസ്രോതസ്സുകൾ നമുക്ക് നഷ്ട പ്പെട്ട് കൊണ്ടിരിക്കയാണ്. അതുകൊണ്ട് നമ്മുടെ ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുകയും, ലഭ്യമാവുന്ന മഴ പരമാവധി സംഭരിച്ച് വേനൽകാല ആവശ്യം നിറ വേറ്റുകയും ചെയ്യണം. അതോടൊപ്പം ജലത്തിന്റെ ഉപയോഗം കുറക്കുകയും പുനരുപ യോഗം പ്രോത്സാപ്പിക്കുകയും ചെയ്യുമെന്നായിരുന്നു പ്രതിജ്ഞ.

കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ എഡിഎം പി ബിജു, ഹരിതകേരളം ജില്ലാമിഷൻ കോർഡിനേറ്റർ എം പി സുബ്രമഹ്ണ്യൻ, ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ സി രാധാകൃഷ്ണൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ടിസമ്മ തോമസ്സ് , എഡിസി ജനറൽ ബെവിൻ ജോൺ വർഗ്ഗീസ് എന്നിവർ പങ്കെ ടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്-** (വാട്ടർ ഡേ)

ലോക ജലദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കളക്ടറേറ്റിലെ ജീവന ക്കാർക്കായി ജില്ലാകളക്ടർ ഡോ ഡി സജിത്ത്ബാബു പ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു.

**(അവസാനിച്ചു)**